പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5205 — 24.10.2011- ലെ മറുപടി

ജന്റം പദ്ധതി

ചോദ്യം — ഉത്തരം

ശ്രീ. ജോസഫ് വാഴക്കൻ
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
ശ്രീ. അൻവർ സാദത്ത്
ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ജന്റം (JNNURM) പദ്ധതിയുടെ ഭാഗമായി ഗതാഗത വകുപ്പ് എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കുമോ ; | (എ) | ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ പദ്ധതിയുടെ (JnNURM ) ഭാഗമായി 30 എ.സി ബസ്സുകളും, 120 സെമി ലോ ഫ്ളോർ ബസ്സുകളും തിരുവനന്തപുരം ജില്ലയ്ക്കും, 50 എ.സി. ബസ്സും, 120 സെമി ലോ ഫ്ളോർ ബസ്സുകളും എറണാകുളം ജില്ലയ്ക്കും വാങ്ങുന്നതിനായി പർച്ചേയ്സ് ഓർഡർ നൽകുകയും, അതിൻപ്രകാരം ലഭ്യമായിക്കൊണ്ടിരിക്കുന്ന ബസ്സുകൾ തിരുവനന്തപുരം, എറണാകുളം ജില്ലകളിലായി സർവ്വീസ് നടത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) | പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പരിപാടികൾ എന്തെല്ലാം ; | (ബി) | JnNURM പദ്ധതിയുടെ രണ്ടാം ഘട്ടം സംബന്ധിച്ച വിശദവിവരങ്ങൾ കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടില്ല. |
| (സി) | എല്ലാ ജില്ലകളിലേക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാൻ നടപടി എടുക്കുമോ ; | (സി) | നിലവിൽ JnNURM പദ്ധതി തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ മാത്രമായി അനുവദിച്ചിരിക്കുന്നതിനാൽ മറ്റ് ജില്ലകളിലേയ്ക്ക് പദ്ധതി വ്യാപിപ്പിക്കുവാൻ തൽക്കാലം നിർവ്വാഹമില്ല. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ? | (ഡി) | **JnNURM** പദ്ധതി കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികളിൽപ്പെട്ട ഒന്നായതിനാൽ, പ്രസ്തുത പദ്ധതി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ വീണ്ടും കൊണ്ടുവരേണ്ടതില്ല. |

സെക്ഷൻ ഓഫീസർ